"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി ജോലികൾക്കാവശ്യമായി വരുന്ന പലവക സാധനങ്ങൾ വാങ്ങുന്നത് - 2024-25 വർഷത്തെ സമാഹൃത ഇൻഡന്റ്- ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.129/2024/SPD തീയതി,തിരുവനന്തപുരം, 20-11-2024

പരാമർശം:- അച്ചടി വകുപ്പ് ഡയറക്ടറുടെ 12/07/2024, 18/09/2024 എന്നീ തീയതികളിലെ പി.റ്റി.ജി.ഡി/778/2024-ജി4 നമ്പർ കത്തുകൾ.

**ഉത്തരവ്**

അച്ചടി വകുപ്പിനു കീഴിലുള്ള വിവിധ ശാഖാ കാര്യാലയങ്ങളിൽ 2024-25 സാമ്പത്തിക വർഷത്തെ അച്ചടി ജോലികൾക്കാവശ്യമായി വരുന്ന പലവക സാധനങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ സമാഹൃത ഇൻഡന്റ് പ്രകാരം 1,59,85,169/- രൂപ ആവശ്യമായിവരുന്നുണ്ടെന്നും ആയത് "2058-00-103-99-00-24 M&S" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി ജോലികൾക്കാവശ്യമായി വരുന്ന പലവക സാധനങ്ങൾ വാങ്ങുന്നതിനായി ടെക്നിക്കൽ/ പർച്ചേസ് കമ്മിറ്റി കൂടി സാധനങ്ങളുടെ ആവശ്യകത ഉറപ്പാക്കേണ്ടതാണെന്നും ആയതിന്റെ മിനിറ്റ്സ് സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും, ആവശ്യമായ സ്റ്റോക്ക് രജിസ്റ്റർ/ മറ്റ് രജിസ്റ്ററുകൾ സൂക്ഷിച്ച് ഓഡിറ്റിന് വിധേയമാക്കണമെന്നുമുള്ള നിബന്ധനയോടെ, ശീർഷകത്തിൽ ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തി 2024-25 സാമ്പത്തികവർഷം അച്ചടി ജോലികൾക്കാവശ്യമായി വരുന്ന പലവക സാധനങ്ങൾ വാങ്ങുന്നതിനായി അച്ചടി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയതിലേയ്ക്കുള്ള തുക നടപ്പ് സാമ്പത്തികവർഷം "2058-00-103-99-00-24 (M&S)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (25.10.2024 തീയതിയിലെ നോട്ട് നം.EDN-B3/161/2024-FIN )
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പിആർഡി
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 20-11-2024 17:42:32
സെക്ഷൻ ഓഫീസർ